**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5913</u>** **<u>16-03-2023 - ൽ മറുപടിയ്ക്ക്</u>**

**<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് സമയബന്ധിതമായി നൽകാൻ നടപടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ട് എത്ര ഗഡുക്കളായിട്ടാണ് ഈ സാമ്പത്തിക വർഷം വിതരണം ചെയ്തിട്ടുള്ളത് എന്നും ഇവ ഏതെല്ലാം മാസങ്ങളിലാണ് വിതരണം ചെയ്തിട്ടുള്ളത് എന്നും വ്യക്തമാക്കുമോ; | (എ) | നടപ്പ് സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടിനത്തിൽ മൂന്ന് ഗഡു അനുവദിച്ചിട്ടുണ്ട്. 08/04/2022-ലെ സ.ഉ(സാധാ)നം. 2839/2022/ധന പ്രകാരം ഒന്നാം ഗഡുവും, 12/10/2022-ലെ സ.ഉ(സാധാ) നം.6872/2022/ധന പ്രകാരം രണ്ടാം ഗഡുവും 13.2.2023-ലെ സ.ഉ.(സാധാ)നം. 1049/2023/ധന പ്രകാരം മൂന്നാം ഗഡുവും അനുവദിച്ചിട്ടുണ്ട്. |
| (ബി) | 2023 മാർച്ച് ഒന്നാം തീയതി വരെ അവസാന ഗഡു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ടോ; | (ബി) | പ്ലാൻ ഫണ്ടിന്റെ അവസാന ഗഡുവും ഇതിനോടകം അനുവദിച്ചിട്ടുണ്ട്. |
| (സി) | സാമ്പത്തിക വർഷത്തിന്റെ അവസാന ആഴ്ചകളിൽ ഈ ഫണ്ട് ലഭിച്ചാൽ ഇവ എങ്ങനെയാണ് പദ്ധതി പ്രവർത്തനങ്ങൾക്ക് വേണ്ടി ചെലവഴിക്കുക എന്ന് വിശദമാക്കുമോ; | (സി) | ബാധകമല്ല. |
| (ഡി) | ബാക്കി വരുന്ന തുക ചെലവഴിക്കുന്നതിന് സമയം നീട്ടി കൊടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | നിലവിൽ ടി വിഷയത്തിൽ തീരുമാനങ്ങൾ ഒന്നും സ്വീകരിച്ചിട്ടില്ല. |
| (ഇ) | തദ്ദേശസ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ടുകൾ സമയബന്ധിതമായി ലഭിച്ച് പദ്ധതി പൂർത്തീകരണം സാധ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | സാധാരണയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ട് 3 ഗഡുക്കളായാണ് അനുവദിച്ചു വരുന്നത്. നടപ്പ് സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിന്റെ മൂന്നു ഗഡുക്കളും ഇതിനോടകം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ